FRIDAY 08/05/2026 വെള്ളിയാഴ്ച്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 08/05/2026

1. പി ഡി എം സി – 'പെർ ഡ്രോപ്പ് മോർ ക്രോപ്പ്' പദ്ധതിക്ക് https://pdmc.da.gov.in/ KeralaMIS എന്ന വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ അപേക്ഷിക്കാം. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ ധനസഹായം നല്കുന്ന ഈ പദ്ധതി സ്ഥാപിക്കുന്നതിന് ചെറുകിട-നാമമാത്ര കർഷകർക്ക് ചെലവിന്റെ 55 ശതമാനവും മറ്റുള്ളവർക്ക് 45 ശതമാനവും സർക്കാർ സബ്സിഡി നൽകുന്നു. Forest Reserve Act (FRA) പട്ടയമുള്ള കർഷകർക്ക് 90 % വരെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. അപേക്ഷയ്ക്കായി ആധാർ കാർഡ്, ഭൂഉടമസ്ഥത തെളിയിക്കുന്ന രേഖകൾ, ബാങ്ക് വിവരങ്ങൾ എന്നിവയാണ് ആവശ്യമായരേഖകൾ. ഈ വർഷം ഓൺലൈനിനൊപ്പം കൃഷി എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമാക്കിയിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓഫ് ലൈൻ അപേക്ഷകളും സ്വീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 1800-425-2512 എന്ന ടോൾ ഫ്രീ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

2. വെള്ളായണി കാർഷിക കോളജിൽ വിവിധ വിഷയങ്ങളിൽ ഈ മാസം 18 മുതൽ 30 വരെ നടത്തുന്ന പരിശീലന പരിപാടിയിലേക്ക് അപേക്ഷ ക്ഷണിച്ചു. ഈ മാസം 18ന് "ചക്ക വിളവെടുപ്പ് അനന്തര സാങ്കേതിക വിദ്യകളും മൂല്യവർധിത ഉൽപന്നങ്ങളും" എന്ന വിഷയത്തിലും 21 ന് "ഫലവൃക്ഷങ്ങളിലെ കായിക പ്രജനന രീതികൾ" എന്ന വിഷയത്തിലു , 23 ന് "നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ" എന്ന വിഷയത്തിലും, "26 ന് കുരുമുളക് കൃഷി" എന്നതിലും , 30 ന് "ഇൻഡോർ സസ്യങ്ങൾ – ഇനങ്ങളും നടീൽ രീതികളും" എന്നീ വിഷയങ്ങളിലാണ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺ നമ്പർ 8891540778.

3. റബ്ബർമരങ്ങൾ "മഴക്കാലത്ത് റെയിൻഗാർഡു ചെയ്ത് ടാപ്പ ചെയ്യേണ്ടതിന്റെ പ്രാധാന്യം, വിവിധതരം റെയിൻഗാർഡുകൾ, റെയിൻഗാർഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ" എന്നിവയെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡിന്റെ

കോൾസെന്ററുമായി ബന്ധപ്പെടാം. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2026 മെയ് 08 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ മനോജ് കുമാർ വി. ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ 0481 – 2576622.

4. കോളേജ് ഓഫ് ഡയറി സയൻസ് ആന്റ് ടെക്നോളജി, പൂക്കോട് സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ മൂല്യ വർദ്ധിത പാൽ ഉൽപന്നങ്ങളുടെ നിർമ്മാണ പ്രായോഗിക പരിശീലന പരിപാടി **"പാൽ പൊലിമ 26"** നടത്തുന്നു. 2026 മെയ് 12, 13 തീയ്യതികളിൽ നടക്കുന്ന പരിപാടിയിൽ പേട, പനീർ, പനീർ അച്ചാർ, തൈര്, ലസ്സി, ഫ്ലേവേഡ് മിൽക്ക്, കുക്കിസ്, നെയ്യ്, സിപ് അപ്പ് എന്നീ പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം ഉൾപ്പെടുത്തിയിരിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതായിരിക്കും. 2026 മെയ് 10ന് രജിസ്ട്രേഷൻ അവസാനിക്കുന്നതാണ്. ക്ലാസ്സിൽ പങ്കെടുക്കാൻ താത്പര്യപ്പെടുന്നവർ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8086623621, 8547014842 എന്നീ ഫോൺ നമ്പറിൽ ബന്ധപെടുക. രജിസ്ട്രേഷൻ ഫീസ് 1000/ രൂപ.

## 5. കാർഷിക നിർദേശം

കനത്ത മഴയ്ക്ക് മുമ്പേ കമുകിൻ തൈകൾ നടാം. കൊട്ടടയ്ക്കയുടെ ഇനങ്ങളാണ് മോഹിത് നഗർ, ശ്രീമംഗള, സൗത്ത്കാനറ, സൈഗോൺ എന്നിവ. മുറിക്കുന്നതിനും പച്ചയായി ഉപയോഗിക്കുന്നതിനും പറ്റിയ ഇനമാണ് മംഗള. കമുകിൻ തോപ്പിൽകൃഷി ചെയ്യാൻ യോജിച്ച ഇടവിളകളാണ് കൈതച്ചക്ക, വെറ്റില, കൊക്കോ, ഇഞ്ചി, കുരുമുളക്, വാഴ, ചേന, പച്ചക്കറികൾ, തീറ്റപ്പുല്ല് തുടങ്ങിയവ. പൈനാപ്പിൾ നടാൻ യോജിച്ച സമയമാണ് മെയ് – ജൂൺ മാസങ്ങൾ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം